LIBRARY ARCHIVES Kerala Legislative Assembly

കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽകൊണ്ടുവരിക എന്നീ ലക്ഷ്യങ്ങളാണ് ജനമൈത്രി എക്സൈസ് എന്ന പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. ആദിവാസി ഊരുകളിലെ ഊരുമൂപ്പൻമാർ, അട്ടപ്പാടിയിലെ സ്ത്രീ ശാക്തീകരണ സംഘടനയായ മഹിളാ സാമൂഹിക തായ്വഴ സംഘം, കുടുംബശ്രീ, എല്ലാ എക്സൈസ് റേഞ്ചിന്റെയും അധികാര പരിധിയിലുള്ള സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ വ്യാജമദ്യം, ലഹരിവസ്തുക്കൾ എന്നിവയുടെ ഉത്പാദന വിപണന കേന്ദ്രങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് ശക്തമായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ മദ്യ-മയക്കുമരുന്ന് മാഫിയകൾക്കെതിരെ നിയമ നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

(സി) അട്ടപ്പാടി ജനമൈത്രി എക്സൈസ് സ്ക്വാഡ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി 15 അംഗങ്ങൾ ഉള്ള എക്സൈസ് ഉദ്യോഗസ്ഥരുടെ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ആയതിലേക്ക് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ-1, എക്സൈസ് ഇൻസ്പെക്ടർ-1, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ-1, പ്രിവന്റീവ് ഓഫീസർ -3 , സിവിൽ എക്സൈസ് ഓഫീസർ - 8 എന്നീ തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത സ്ക്വാഡിന്റെ രൂപീകരണം ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങളിൽ ഗുണപരമായമാറ്റം വരുത്തിയിട്ടുണ്ട്. ആദിവാസി ഊരുകളിലെ ഊരുമൂപ്പൻമാർ, അട്ടപ്പാടിയിലെ സന്നദ്ധ സംഘടനകൾ, കോളേജുകൾ, സ്കൂളുകൾ, ഐ.റ്റി.ഐ., പോളിടെക്നിക്കുകൾ, ലഹരിവിരുദ്ധ ക്ലബ്ബുകൾ എന്നിവയുമായി ബന്ധപ്പെട്ട് ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നു. പോലീസ് ഫോറസ്റ്റ് വകുപ്പുകളുമായി ചേർന്നും സംയുക്ത റെയ്ഡുകൾ നടത്തിവരുന്നു.

പി.എസ്.സി. റാങ്കലിസ്റ്റുകളുടെ സമയബന്ധിതമായ പ്രസിദ്ധീകരണം

27 (*177) ശ്രീ. കെ. അച്ചുതൻ :
ശ്രീ.. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.പി.എസ്.സി. റാങ്കലിസ്റ്റുകളുടെ സമയബന്ധിതമായ പ്രസിദ്ധീകരണത്തിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ&ബി) ഉണ്ട്. ഒരു തസ്തികയുടെ റാങ്ക് പട്ടിക കാലാവധി അവസാനിക്കുന്നമുറയ്ക്ക് പുതിയ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുക, പരീക്ഷാ നടത്തിപ്പിന്റെ വേഗത, കാര്യക്ഷമത, കൃത്യത എന്നിവ വർദ്ധിപ്പിക്കുക, എല്ലാ തസ്തികകളിലും സമയബന്ധിതമായി റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത കാരണത്താൽ ജീവനക്കാരുടെ അഭാവം ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാനാണുദ്ദേശിക്കുന്നത്. ഡോക്ടർമാർ, എൽ.ഡി.സി., എൽ.ജി.എസ്., അസിസ്റ്റന്റ് (സെക്രട്ടേറിയറ്റ്, പി.എസ്.സി.....etc), പോലീസ് വകുപ്പിലെ വിവിധ തസ്തികകൾ എന്നിവയുടെ റാങ്ക് പട്ടികകൾ സമയബന്ധിതമായി പ്രസിദ്ധീകരിച്ചുവരുന്നുണ്ട്. അതുപോലെ യൂണിഫോംഡ് ഫോഴ്സിലെ വിവിധ തസ്തികകൾക്ക് വാർഷിക നിയമനം സാധ്യമായിട്ടുണ്ട്.

(സി) തെരഞ്ഞെടുപ്പ് നടപടിക്രമങ്ങളുടെ വേഗത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി One time Registration, One time Verification എന്നീ പദ്ധതികൾ പി.എസ്.സി. ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഇതുകൂടാതെ പരീക്ഷാ നടത്തിപ്പിന്റെ വേഗത, കാര്യക്ഷമത, കൃത്യത എന്നിവ വർദ്ധിപ്പിക്കുന്നതിനായി ഓൺലൈൻ പരീക്ഷ ആരംഭിച്ചു. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം എന്നിവിടങ്ങളിൽ പി.എസ്.സി. സ്വന്തമായി ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ ഓൺലൈൻ പരീക്ഷാകേന്ദ്ര നിർമ്മാണം പുരോഗമിച്ചു വരുന്നു.

വനമേഖലയിലെ ഗവേഷണങ്ങളും പഠനങ്ങളും

28 (*178) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനമേഖലയിലെ ഗവേഷണങ്ങൾക്കും പഠനങ്ങൾക്കുമായി ഏതെല്ലാം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly